**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,**
**തിരുവനന്തപുരം– 695 001**

**പത്രക്കുറിപ്പ്**

**2021 – ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സിലേയ്ക്കുള്ള പ്രവേശനം –**
**രണ്ടാം ഘട്ട അലോട്ട്മെൻറ്പ്രസിദ്ധീകരിച്ചു.**

സംസ്ഥാനത്തെ വിവിധ സർക്കാർ/സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയും, റീജിയണൽ കാൻസർ സെന്ററിലെയും ബിരുദാനന്തര ബിരുദ കോഴ്സ് 2021 പ്രവേശനത്തിനായുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു .മെഡിക്കൽ കോഴ്സുകളുടെ പ്രവേശനത്തിനായി പ്രസിദ്ധീകരിച്ച റാങ്ക്ലിസ്റ്റ്/കാറ്റഗറി ലിസ്റ്റിന്റെയും വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ നൽകിയ ഓൺലൈൻ ഓപ്ഷനുകളുടെയും അടിസ്ഥാനത്തിലാണ് രണ്ടാം ഘട്ട അലോട്ട്മെന്റ് തയ്യാറാക്കിയത്.

രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ മേൽ വെബ്സൈറ്റിൽ നിന്നും അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ് .വിവിധ മെഡിക്കൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ **5.3.2022 മുതൽ 8.3.2022 ഉച്ചയ്ക്ക് 2.00 മണിക്ക്** മുമ്പായി അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം പ്രസ്തുത കോളേജുകളിൽ ഹാജരായി ഫീസ് അടച്ച് പ്രവേശനം നേടേണ്ടതാണ്. നിശ്ചിത തീയതിയ്ക്കകം ഫീസ് ഒടുക്കി പ്രസ്തുത കോളേജുകളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ്നഷ്ടമാകുന്നതാണ് . 8.3.2022 വൈകുന്നേരം 3.00 മണിയ്ക്ക് ബന്ധപ്പെട്ട മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് പ്രിൻസിപ്പൽമാർ ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.03.03 15:46:38 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
03/03/2022